(എഫ്) 15-ാം പവർ സർവേ പ്രകാരം രണ്ടായിരാമാണ്ടോടെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത 2763 മെഗാവാട്ട് ആയിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ജി) ലക്ഷ്യമിട്ടിട്ടുള്ള വൈദ്യുതി ഉൽപ്പാദനം 2551 മെഗാവാട്ട് ആണ്. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതികൂടി ചേർത്താൽ രണ്ടായിരാമാണ്ടോടെ സംസ്ഥാനത്ത് വൈദ്യുതി മിച്ചം കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതി സ്വയംപര്യാപ്തത

118 (901)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലെത്തിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ചൈനീസ് സാങ്കേതിക വിദ്യയുപയോഗിച്ചുള്ള മിനി ഹൈഡൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലെത്തിക്കുവാൻ ബോർഡ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.

2. പുതിയ വൈദ്യുത പദ്ധതികൾ ആരംഭിക്കുക.

3. പഴക്കംചെന്ന പദ്ധതികളുടെ നവീകരണം, ആധുനികവൽക്കരണം, ശേഷി വർദ്ധിക്കൽ എന്നിവ നടപ്പിലാക്കുക.

4. ക്യാപ്റ്റീവ് പദ്ധതികൾ അനുവദിക്കുക.

5. ഡിമാന്റ്സൈഡ് മാനേജ്മെന്റ് നടപ്പിലാക്കുക.

6. കുറ്റമറ്റ പ്രസരണ വിതരണ ശൃംഖല, തീവ്രമായ ഊർജ്ജ സംരക്ഷണ നടപടികൾ എന്നിവ പ്രാവർത്തികമാക്കുക.

(ബി) ചൈനീസ് സാങ്കേതിക സഹായത്തോടെ 18 ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് കരാർ ഒപ്പ് വച്ചിട്ടുണ്ട്. ഇതിൽ നാലു പദ്ധതികൾ പൈലറ്റ് പ്രോജക്ടായി ഈ വർഷം തന്നെ പണി തുടങ്ങാൻ കഴിയും. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly